പതിമൂന്നാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.933. 30.06.2015 ന് മറുപടിയ്ക്ക്.

## കൊയിലാണ്ടി ഗവൺമെൻറ് ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി ഗവണ്മെന്റ് ഐ.ടി.ഐ യിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണ പ്രവൃത്തി നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും; വിശദമാക്കാമോ; | (എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ യിൽ ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനുവേണ്ടി ടെൻഡർ നൽകിക്കഴിഞ്ഞു. മറ്റ് ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. |
| (ബി) ഐ.ടി ഐ യിൽ 2010 ൽ ആരംഭിച്ച ഇൻഫർമേഷൻ ക്ളസ്റ്റർ ട്രേഡിന് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) ഇവിടെ നിലവിലുള്ള ഇലക്ട്രോണിക്, മെക്കാനിക്ക് കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ടിൽ തൊഴിലും നൈപുണ്യവും പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഉത്തര വുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;<br><br>ഡി) കൊയിലാണ്ടി ഐ.ടി.ഐ യിൽ വളരെ അത്യാവശ്യമായി നടപ്പിലാക്കേണ്ടുന്ന ഈ പ്രോജക്ടിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും (ഡി) യും<br><br>ഉണ്ട്. ഇൻഫർമേഷൻ ക്ളസ്റ്റർ ട്രേഡിന് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതി നാൽ, നിലവിലുള്ള ഇലക്ട്രോണിക് മെക്കാനിക്ക് കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് വേണ്ടി 35 ലക്ഷം രൂപ 2230-03-101-87-Modernisation of ITIs (P) 2014-15 ശീർഷകത്തിൽ നിന്നും അനുവദി ക്കണമെന്നാവശ്യപ്പെട്ട് ട്രെയിനിംഗ് ഡയറക്ടർ സർക്കാരിന് 19.11.2014-ലെ ഇ 7/ 13756 / 2012 (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ, ഉപകരണ സംഭരണത്തിനായി വകയിരുത്തി യിരുന്ന 30 കോടി രൂപയിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുകയിൽ നിന്നും ടി രണ്ടാം നില കെട്ടിടം നിർമ്മിക്കുന്നതിന് |

| | |
|---|---|
| | 35 ലക്ഷം രൂപ അനുവദിക്കണമെന്ന തായിരുന്നു ട്രെയി നിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ. ടി പ്രൊപ്പോസൽ 27499/സി3/14/ തൊഴിൽ നമ്പർ ഫയലിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാന ത്തിൽ പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം, 23.01.2015-ലെ ജി.ഒ. (പി) നം. 48/15/ധന നമ്പർ ഉത്തരവു പ്രകാരം ശുപാർശ ലഭ്യമാക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് 04.04.2015 ൽ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ടി ഉത്തരവിൽ പ്രതിപാദിച്ചപോലെ കൊയി ലാണ്ടി ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ടി. സാഹചര്യത്തിൽ ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് അഫിലിയേഷൻ നേടിയെടുക്കുന്ന തിലേക്കായി ടി കെട്ടിട നിർമ്മാണത്തിനായി 35 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ശീർഷക ത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണ മെന്നാവശ്യപ്പെട്ട് 02.05.2015-ലെ ഇ 7-/13756/12 (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ഫയൽ നം. 9229/സി3/15/തൊഴിൽ -ൽ പരിശോധിച്ചു വരുന്നു. |
| (ഇ) ഐ.ടി ഐ യുടെ അപ്ഗ്രഡേ ഷന് നിലവിൽ സ്വീകരിച്ചുവരുന്ന നട പടികൾ വിശദമാക്കാമോ; ഇതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റിന് റിപ്പോർട്ട്/ അപേക്ഷ എന്നിവയുടെ പകർപ്പ് ലഭ്യമാ ക്കാമോ ? | (ഇ) ഐ.ടി ഐ യുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട ശുപാർശകൾ ഒന്നും തന്നെ പ്രിൻസിപ്പളിൽ നിന്നും ലഭ്യമായിട്ടില്ല എന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ